## പതിമൂന്നാം കേരള നിയമസഭ.
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.632 | 11/06/2013 ൽ മറുപടിയ്ക്ക്

## മണൽ ക്ഷാമം പരിഹരിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എ.എ അസീസ് | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| | സംസ്ഥാനത്തെ നിർമ്മാണ മേഖലയെ പ്രതി സന്ധിയിലാക്കിയിരിക്കുന്ന മണൽ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | കേരളത്തിലെ മണൽ ലഭ്യതയും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിനു പുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനുള്ള നടപടി സംബന്ധിച്ച് മുൻ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ.റ്റി.ബാലകൃഷ്ണൻ, ഐ.എ.എസ് ചെയർമാനായ കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിന്റെ ശുപാർശകൾ നടപ്പിൽ വരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള എംപവേർഡ് കമ്മിറ്റിയെ നിയമിച്ചുകൊണ്ടും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിന് KEMDEL, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നിവയെ നോഡൽ ഏജൻസിയായി നാമനിർദ്ദേശം ചെയ്തുകൊണ്ടും 03.05.13 തീയതിയിലെ G.O(MS)No.183/13/RD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽ നിന്നും ശേഖരിച്ച മണൽ വിൽക്കാനുള്ള നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ